# ഏലിയാ സ്ലീവാ മൂശക്കാലം മൂന്നാം ഞായർ

## മാതാവിന്റെ പിറവിത്തിരുനാൾ

എട്ടുനോമ്പ് ആരംഭിച്ചത് വിത്തിന്റെ ഉപമയിൽനിന്നുമാണ്. ആ വിത്തിന്റെ ഉപമയിൽനിന്നുകൊണ്ടുതന്നെ പരി. മറിയത്തിന്റെ ജനനത്തിരുനാളിന്റെ സന്ദേശവും നമുക്ക് സ്വന്തമാക്കാം.

കഴിഞ്ഞയാഴ്ച നമ്മൾ കണ്ടത് പ്രധാനമായും രണ്ടു കാര്യങ്ങൾ:

1. വിതക്കാരൻ വിതയ്ക്കുന്നത് അവന്റെ ഹൃദയം തന്നെയാണ്.
2. വിതക്കാരന്റെ മനമറിഞ്ഞ് വിത്തിനെ സ്വീകരിക്കുന്ന മണ്ണാണ് നല്ല മണ്ണ്.
   - വിത്തിനെ സ്നേഹത്തോടെ നെഞ്ചിലേക്കു സ്വീകരിക്കുന്നു.
   - മണ്ണുകൊണ്ട് പൊതിഞ്ഞ് തന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്നു.
   - വിത്ത് നൂറുമേനിയാകാൻ വെള്ളവും വളവും ലവണങ്ങളും (സ്നേഹം വാത്സല്യം കരുതൽ) നിരന്തരം നല്കിക്കൊണ്ടേയിരിക്കുന്നു.

പരി. മറിയം ഒരു നല്ല പെണ്ണാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? എന്നാൽ വിത്തിന്റെ ഉപമയോട് ചേർത്ത്, മറിയം ദൈവം കണ്ട ഏറ്റവും നല്ല മണ്ണാണ് എന്നു ധ്യാനിച്ചു തുടങ്ങുക.

1. ദൈവം നല്കിയ ഈശോയെന്ന വിത്തിനെ ഹൃദയത്തിലേക്കും വിത്തിലേക്കും സന്തോഷപുർവ്വം സ്വീകരിച്ചു.

2. വിത്തിനെ നൂറുമേനിയാക്കുവോളം, സ്വർഗ്ഗാരോഹണത്തിലേക്ക് എത്തിക്കുവോളം മറിയമെന്ന മണ്ണിന് ഈശോയെന്ന വിത്തല്ലാതെ ഒന്നും ചിന്തിക്കുവാനില്ലായിരുന്നു.

**<u>നമ്മൾ ദൈവത്തിന്റെ മണ്ണ്.</u>**

മനുഷ്യൻ മണ്ണാണെന്നത് പഴയനിയമം തരുന്ന ആദ്യത്തെ പാഠമാണ്. മനുഷ്യൻ മണ്ണാണ് എന്നതിന്റെ അർത്ഥം പൂർണ്ണമാകുന്നത് വിത്തിന്റെ ഉപമയോട് ചേർത്താണ് എന്നത് യാദൃച്ഛികമായ ഒരു ചിന്തയല്ല. എങ്ങനെയാണ് ഓരോ മനുഷ്യനും നല്ല മണ്ണായിത്തീരുക?

1. ദൈവം നിന്റെ നെഞ്ചിലേക്കു തന്ന വിത്തുളെന്തൊക്കെയാണ്?
    - എന്റെ കുടുംബം
    - എന്റെ ജീവിതപങ്കാളി
    - എന്റെ മക്കൾ
    - എന്റെ ജീവിത സാഹചര്യങ്ങൾ
    - എന്റെ ജീവിത വ്രതങ്ങൾ

ദൈവം നല്കിയവരെയൊക്കെയും നെഞ്ചിലേക്കു സ്വീകരിക്കുക. ഹൃദയത്തിലെ സ്നേഹവും കരുതലും വാത്സല്യവും നല്കി വളർത്തുക. നൂറുമേനി ഫലം വിളയിക്കുന്ന മണ്ണായിത്തീരുക.

**<u>മറ്റു ചില ചിന്തകൾ</u>**

1. എട്ടോ പത്തോ വയസ്സുവരെ ഉണ്ണി മറിയമെന്ന അമ്മച്ചിയുടെ പിറകെ ഉടുപ്പിൽ തൂങ്ങി നടന്നു. മറ്റെല്ലാ ഉണ്ണിമാരെയും പോലെതന്നെ. പിന്നെ മറിയമെന്ന അമ്മ ഉണ്ണിയെ അനുഗമിച്ചു തുടങ്ങി. ഉദാ: കാനായി, പഠിപ്പിക്കുന്ന സിനഗോഗിൽ, കാൽവരി യാത്രയിൽ, കുരിശിനു താഴെ, സെഹിയോൻ ശാലയിൽ.
2. നമ്മുടെ പള്ളികളിൽ കുർബ്ബാനസ്വീകരണത്തിന് ആലപിക്കുന്ന ഏതാനും വരികൾ.

*എനിക്ക് ഈശോ മതി ഈ അൾത്താരയിൽ*
*എനിക്ക് അവനെ കാണാൻ കൊതിയാകുന്നു.*
*തിരുവോസ്തിയായ് അൾത്താരയിൽ അണയും ഈശോയേ*
*നിന്നെ കാണുവാനായി കണ്ടു സ്തുതിക്കാൻ ഞാനിതാ വരുന്നു.*

- ക്രിസ്തുവിനെ കാണാൻ എന്നെങ്കിലും കൊതി തോന്നിയിട്ടുണ്ടോ?
- സ്തുതിച്ചു പ്രാർത്ഥിച്ചിട്ടുണ്ടോ?
- കൊതിച്ചു കുമ്പസാരിച്ചിട്ടുണ്ടോ?
- കൊതിയോടെ വി. കുർബ്ബാന സ്വീകരിച്ചിട്ടുണ്ടോ?
- കൊതിയോടെ കുടുംബപ്രാർത്ഥനയിൽ പങ്കെടുത്തിട്ടുണ്ടോ?
- കൊതിയോടെ ജപമാല അർപ്പിച്ചിട്ടുണ്ടോ?
- ഇന്ന് ഈ ദൈവാലയത്തിലേക്കു കയറിവന്നത് ഈശോയെ സ്വന്തമാക്കാനുള്ള കൊതി കൊണ്ടാണോ?

എങ്കിൽ ഞാനും നിങ്ങളും നല്ല വളക്കൂറുള്ള നൂറുമേനി വിളയിക്കുന്ന മറിയത്തെപ്പോലെ നല്ല മണ്ണായിത്തീരും. ദൈവാനുഗ്രഹം നേരുന്നു.

**- ഫാ. അജോ രാമച്ചനാട്ട്.**